നം.ഇ.എസ്സ് 3-20120/17/ആ.വ.ഡ. ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം : തീയതി. 09/01/2018.

പ്രേക്ഷിതൻ,

ആരോഗ്യവകുപ്പ് ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്

ജില്ലാ മെഡിക്കലാഫീസർ (ആരോഗ്യം),
തിരുവനന്തപുരം/ആലപ്പുഴ/കോട്ടയം/കൊല്ലം
ഇടുക്കി/എറണാകുളം/തൃശ്ശൂർ/പാലക്കാട്/മലപ്പുറം
കോഴിക്കോട്/കണ്ണൂർ/കാസർഗോഡ്/വയനാട്/പത്തനംതിട്ട

വിഷയം - **ആ.വ.ഡ** - ജീവനക്കാര്യം - ദ്വിഭരണ സംമ്പ്രദായം നിർത്തലാക്കിയ സാഹചര്യത്തിൽ സ്റ്റാഫ് നേഴ്സുമാരെ സീനിയോരിറ്റി പട്ടികയിൽ പേര് ചേർക്കുന്നത് - **സംബന്ധിച്ച്.**

സൂചന - 1) 01.01.2018 ലെ ഇതേ നമ്പർ കത്ത്.
2)ജി.ഒ (ആർ.റ്റി.) നമ്പർ 3606/2017/ആ.കു.വ. തീ: 22.12.2017.

ദ്വിഭരണ സംമ്പ്രദായം നിർത്തലാക്കിയതിന്റെ ഫലമായി മെഡിക്കൽ കോളേജുകളിൽ ജോലി ചെയ്യിരുന്നതും ഡി.എം.ഇ.യിൽ ഓപ്ഷൻ നൽകാത്തതുമായ സ്റ്റാഫ് നേഴ്സുമാരെ അവർ ജോലി ചെയ്യിരുന്ന ജില്ലകളിൽ ഒഴിവില്ലാത്തതിനാൽ മറ്റു ജില്ല കളിൽ നിയമിക്കുകയുണ്ടായി. അവരുടെ പേര് വിവരം സീനിയോറിറ്റി പട്ടികയിൽ ചേർക്കുന്നതിന് സൂചന 1 കത്ത് പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു. ആയതിലേക്കായി സമാനസാഹചര്യത്തിൽപ്പെട്ട മുഴുവൻ സ്റ്റാഫ് നേഴ്സുമാരും ആവശ്യമായ രേഖകൾ സഹിതം നിശ്ചിത സമയ പരിധിക്കുള്ളിൽ (15.01.2018) അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഓരോ ജില്ലാ മെഡിക്കൽ ഓഫീസർമാരും അവരുടെ പരിധിയിൽ വരുന്ന കീഴ് സ്ഥാപനങ്ങളിൽ പ്രസ്തുത അപേക്ഷ സമർപ്പിക്കുവാനുള്ള നിർദ്ദേശം നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,

ആരോഗ്യവകുപ്പ് ഡയറക്ടർക്ക് വേണ്ടി.